DESPATCHED
On. 20/2/2020

31.1.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.384(6)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.1682/SIC-Gen5/2017**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. എ.വി. മോഹനൻ പിള്ള,
ഗായത്രി വീട്,
മുതുകുളം തെക്ക് പി.ഒ.,
ആലപ്പുഴ – 690 506. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
പാണ്ടനാട് ഗ്രാമപഞ്ചായത്ത് കാര്യാലയം,
പാണ്ടനാട് പി.ഒ., ചെങ്ങന്നൂർ,
ആലപ്പുഴ – 689 506.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്,
സിവിൽ സ്റ്റേഷൻ, ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03/09/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01/10/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03/10/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07/11/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 01/02/2017 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 03/02/2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/04/2017 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.വി. മോഹനൻ പിള്ള, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 24.1.2015-ലെ മലയാള മനോരമ ദിനപത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ചില വിവരങ്ങൾ ടിയാൻ പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നു എന്നും എന്നാൽ മേൽപ്പടി

വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ല എന്ന മറുപടിയാണ് ലഭിച്ചതെന്നും കോടതി ഉത്തരവ് നടപ്പിലാക്കണമെങ്കിൽ ആയതിന്റെ പകർപ്പ് തീർച്ചയായും പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ കൊടുത്തിട്ടുണ്ടാകണമെന്നും തെറ്റായ വിവരമാണ് ഒന്നാം എതിർകക്ഷി ടിയാന് നൽകിയത് എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, എക്സ്-സർവ്വീസുകാരായ വ്യാപാരികളിൽ നിന്നും തൊഴിൽ കരം പിരിക്കുന്നത് വിലക്കികൊണ്ട് ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയ്ക്കും പാണ്ടനാട് ഗ്രാമപഞ്ചായത്തിനും നൽകിയിട്ടുള്ളതായി 24.11.2015-ലെ മനോരമ പത്രത്തിൽ വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയും പാണ്ടനാട് ഗ്രാമപഞ്ചായത്തും വ്യാപരികളായ എക്സ് സർവ്വീസുകാരിൽ നിന്നും സെൻട്രൽ ഗവൺമെന്റിന്റെ ഓർഡർ മറി കടന്ന് തൊഴിൽ കരം പിരിക്കുന്നതിന് വ്യാപാരികളായ എക്സ് സർവ്വീസുകാർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജി പ്രകാരം പുറപ്പെടുവിച്ച കോടതി ഉത്തരവിന്റെ പകർപ്പും അതിന്മേൽ പാണ്ടനാട് ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെ വിവരവും നൽകണമെന്നും

ii. വ്യാപാരികളായ എക്സ് സർവ്വീസുക്കാരിൽ നിന്നും തൊഴിൽ കരം ഒഴിവാക്കി കൊണ്ടുള്ള സെൻട്രൽ ഗവൺമെന്റിന്റെ അറിയിപ്പ് കാണിക്കുന്ന കത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട ഉത്തരവ്, കത്ത് മുതലായവ മേൽപ്പടി ഓഫീസിൽ ലഭ്യമല്ല എന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സമയപരിധി കഴിഞ്ഞിട്ടും ലഭ്യമാക്കിയിട്ടില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാണോ എന്നറിയുന്നതിലേക്കു വേണ്ടി ഒരു ടീമിനെ ചുതലപ്പെടുത്തി തെരച്ചിൽ നടത്തിയിരുന്നു എന്നും ആയതിനാലാണ് ഹർജിക്കാരന് മറുപടി നൽകുന്നതിൽ ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നും കാലതാമസമുണ്ടായതെന്നും ഇക്കാര്യത്തിൽ എസ്.പി.ഐ.ഒ.യുടെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ച മനപ്പൂർവ്വമല്ലെന്നും ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷി വേണ്ടത്ര ജാഗ്രത പാലിക്കണമെന്നുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കണ്ടെത്താനായില്ല എന്നും 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ പാണ്ടനാട് ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ താഴത്തെ നില പൂർണ്ണമായും വെള്ളത്തിനടിയിലായി ഓഫീസ് ഫയലുകളും രജിസ്റ്ററുകളും എല്ലാം തിരിച്ചു കിട്ടാൻ കഴിയാത്ത വിധം നഷ്ടപ്പെട്ടു പോയിട്ടുളളതാണെന്നും ആയതിനാൽ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ സംബന്ധിച്ച ഫയൽ നിലവിൽ ലഭ്യമല്ല എന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഒന്നാം എതിർകക്ഷി ഓഫീസിൽ ഉള്ളതായി കാണപ്പെട്ടില്ല എന്നും അത്തരത്തിലുള്ള വിവരം മേൽപ്പടി ഓഫീസിൽ ലഭ്യമാണെന്ന് സ്ഥാപിക്കുന്ന യാതൊന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടില്ല എന്നും കാണുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 31-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

RIGHT TO INFORMATION